(ജെ) മുട്ടത്തൊടി ഭവന പദ്ധതിയിൽ ആകെ നിർമ്മിച്ച 114 ഫ്ളാറ്റുകളിൽ 4 ഫ്ളാറ്റുകൾ മാത്രമേ അലോട്ട് ചെയ്യാൻ ബാക്കിയുള്ളൂ.

ലോകബാങ്ക് വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള തുക സമാഹരിക്കുന്നതിന് നടപടി

32 (1971) ഡോ. തോമസ് ഐസക് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് വികസനത്തിനായുള്ള ലോകബാങ്ക് വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള തുക സമാഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഈ റോഡുകളിൽ സെസ് ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) റോഡ് വികസനത്തിനായുള്ള ലോകബാങ്ക് വായ്പ അഞ്ച് വർഷത്തെ മോറട്ടോറിയത്തിനുശേഷം 15 വർഷംകൊണ്ടാണ് തിരിച്ചടയ്ക്കേണ്ടത്. തിരിച്ചടവിന്റെ വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ തിരിച്ചടവിനുള്ള തുക വകയിരുത്തുന്നതാണ്.

(ബി) സെസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാൻ നടപടി

33 (1972) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിൽ മിക്ക റോഡുകളിലും ജംഗ്ഷനുകളിലും ആവശ്യമായ മുന്നറിയിപ്പുബോർഡുകൾ സ്ഥാപിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് റോഡപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വാഹന തിരക്കേറിയ തലസ്ഥാന നഗരിയിൽ പല സ്ഥലത്തും സീബ്രാ ലൈനുകൾ മാഞ്ഞുതുടങ്ങിയകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ബംപുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലത്ത് മുന്നറിയിപ്പ് ബോർഡുകൾ വയ്ക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ;

(ഇ) എന്നാൽ പലസ്ഥലത്തും ഇത്തരം മുന്നറിയിപ്പ് ബോർഡുകൾ വയ്ക്കാത്തതുമൂലം അപകടങ്ങൾ സംഭവിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തലസ്ഥാന നഗരിയിൽ ചില റോഡുകളിലും ജംഗ്ഷനുകളിലും മുന്നറിയിപ്പു ബോർഡുകൾ സ്ഥാപിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) നിലവിലുണ്ട്.

(ഇ& എഫ്) അപകട സാദ്ധ്യതയുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുള്ള സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാറുണ്ട്.

മരാമത്ത് വകുപ്പിന്റെ വിവിധ ആഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുവാൻ നടപടി

34 (1973) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരാമത്ത് വകുപ്പിന്റെ വിവിധ ആഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടർ നൽകുവാൻ പൊതുമേഖലയിലെയും സ്വകാര്യ മേഖലയിലേയും ഏജൻസികളിൽ നിന്നും ദർഘാസ് ക്ഷണിച്ചിരുന്നുവോ ;

(ബി) പ്രസ്തുത ദർഘാസ് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചത് എന്നാണ് ; ദർഘാസ് വിജ്ഞാപനത്തിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) ദർഘാസിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ട് ഏതെല്ലാം പൊതുമേഖലാ, സ്വകാര്യമേഖലാ ഏജൻസികളുടെ ദർഘാസുകളാണ് ഗവൺമെന്റിന് ലഭിച്ചത് ; പ്രസ്തുത ദർഘാസുകളിൽ ഓരോ ഏജൻസിയും കമ്പ്യൂട്ടർ നൽകുന്നതിനുവേണ്ടി നൽകിയ നിരക്ക് എത്ര വീതമാണ് ; പ്രസ്തുത നിരക്കിന്റെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ ;

(ഡി) ഏറ്റവും കുറഞ്ഞ നിരക്കിൽ കമ്പ്യൂട്ടർ നൽകാൻ തയ്യാറായ ഏജൻസിയുടെ കമ്പ്യൂട്ടറിന്റെ സാങ്കേതിക മേന്മ സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ ;

(ഇ) പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന് കമ്പ്യൂട്ടർ നൽകാൻ ഓർഡർ കൊടുക്കാതിരുന്നത് എന്തുകൊണ്ടാണ് ;

(എഫ്) പൊതുമേഖലാ സ്ഥാപനങ്ങൾ തകർച്ച നേരിടുന്ന ഈ കാലയളവിൽ കെൽട്രോൺപോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങുവാൻ ഓർഡർ നൽകാതിരുന്നത് ഗവൺമെന്റിന്റെ പൊതുമേഖലാസ്ഥാപനങ്ങളോടുള്ള നയത്തിന്റെ ഭാഗമായിട്ടാണോ എന്ന് വെളിപ്പെടുത്താമോ ;

(ജി) പൊതുമരാമത്ത് വകുപ്പിന്റെ കൂടുതൽ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly